"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കർഷകരിൽ നിന്നും 2012-13 മുതൽ 2017-18 വരെ നെല്ല് സംഭരിച്ച വകയിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് (എസ്.ഐ.ബി) കുടിശ്ശികയിനത്തിൽ അനുവദിക്കുവാൻ ബാക്കിയുള്ള തുക അനുവദിക്കുന്നതിന് കൃഷി വകുപ്പ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-എ) വകുപ്പ്**

G.O.(Ms)No.1/2023/AGRI തീയതി,തിരുവനന്തപുരം, 06-01-2023

---

പരാമർശം:-

1. ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 09/12/2020-ലെ ഒപി/എഫ്&എ/റൈസ് മിൽ/എസ്.ഐ.ബി/4176 നമ്പർ കത്ത്.
2. കൃഷി വകുപ്പ് ഡയറക്ടറുടെ 22/09/2022-ലെ TM(2)1506/12 നമ്പർ കത്ത്.
3. ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 03/12/2022-ലെ ഒപി/എഫ്&എ/റൈസ് മിൽ/എസ്.ഐ.ബി/2569 നമ്പർ കത്ത്.

**ഉത്തരവ്**

കർഷകരിൽ നിന്നും 2012-13 മുതൽ 2017-18 വരെ നെല്ല് സംഭരിച്ച വകയിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് (എസ്.ഐ.ബി) കുടിശ്ശികയിനത്തിൽ അനുവദിക്കുവാൻ ബാക്കിയുള്ള തുക **2.1125 കോടി രൂപ** സംബന്ധിച്ച വിശദാംശങ്ങൾ പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയും പ്രസ്തുത തുക ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന് അനുവദിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതു പ്രകാരം 4/12 മുതൽ 9/17 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഇനത്തിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന് നൽകാനുള്ള **2.1125 കോടി രൂപ (രണ്ടു കോടി പതിനൊന്നു ലക്ഷത്തി ഇരുപത്തി അഞ്ചു ലക്ഷം രൂപ മാത്രം) 2408-01-101-96-33 Subsidies (NP)** ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJITHDAS A
ADDITIONAL SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം.

മാനേജിങ് ഡയറക്ടർ, ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് , കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Vide File No. Agri-C1/178/2017-FIN)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Megha R
Date: 06-01-2023 17:06:48
സെക്ഷൻ ഓഫീസർ